Athmaraksha.org

വ്യക്തിപരമായ പ്രാർത്ഥനകൾ

## തിരുവചനം ഏറ്റു പറഞ്ഞുള്ള പ്രാർത്ഥന



തിരുവചനം ഏറ്റു പറഞ്ഞുള്ള പ്രാർത്ഥന
കർത്താവ് അരുളിച്ചെയ്യുന്നു: വരുവിൻ, നമുക്കു രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടും ചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെൺമയുള്ളതായിത്തീരും. അവ രക്ത വർണമെങ്കിലും കമ്പിളിപോലെ വെളുക്കും (ഏശയ്യാ 1:18). നിന്റെ തെറ്റുകൾ തുടച്ചുമാറ്റുന്ന ദൈവം ഞാൻ തന്നെ; നിന്റെ പാപങ്ങൾ ഞാൻ ഓർക്കുകയില്ല (ഏശയ്യാ 43:25). അവിടുത്തെ ഭക്തരുടെമേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും (ലൂക്കാ 1:50).
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങളുടെമേൽ കരുണയായിരിക്കണമേ

കർത്താവ് ആർദ്രഹൃദയനുംകരുണാമയനുമാണ്. അവിടുന്ന് പാപങ്ങൾ ക്ഷമിക്കുകയുംകഷ്ടതയുടെ ദിനങ്ങളിൽരക്ഷയ്ക്കെത്തുകയും ചെയ്യുന്നു (പ്രഭാഷകൻ 2:11). അവരുടെ അനീതികളുടെ നേർക്കു ഞാൻ കരുണയുള്ളവനായിരിക്കും. അവരുടെ പാപങ്ങൾ ഞാൻ ഒരിക്കലും ഓർക്കുകയുമില്ല (ഹെബ്രായർ 8:12)
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങളുടെമേൽ കരുണയായിരിക്കണമേ

പിതാക്കൻമാരിൽ നിന്നു നിങ്ങൾക്കു ലഭിച്ചവ്യർഥമായ ജീവിതരീതിയിൽനിന്നു നിങ്ങൾ വീണ്ടെടുക്കപ്പെട്ടത് നശ്വരമായ വെള്ളിയോ സ്വർണമോ കൊണ്ടല്ല എന്നുനിങ്ങൾ അറിയുന്നുവല്ലോ. കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേതുപോലുള്ള ക്രിസ്തുവിന്റെ അമൂല്യരക്തംകൊണ്ടത്രേ (1 പത്രോസ് 1:18-19). സ്വന്തം രക്തത്തിലൂടെ ജനത്തെ വിശുദ്ധീകരിക്കാൻ ക്രിസ്തുവും കവാടത്തിനു പുറത്തുവച്ചു പീഡനമേറ്റു (ഹെബ്രായർ 13:12).
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങളെ വിശുദ്ധീകരിക്കണമേ

സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും അവനിലൂടെ അവിടുന്നു തന്നോട് അനുരഞ്ജിപ്പിക്കുകയും അവൻ കുരിശിൽ ചിന്തിയരക്തം വഴി സമാധാനം സ്ഥാപിക്കുകയും ചെയ്തു (കൊളോസോസ് 1:20). നിയമപ്രകാരം മിക്ക വസ്തുക്കളും രക്തത്താലാണ് ശുദ്ധീകരിക്കപ്പെടുന്നത്. രക്തം ചിന്താതെ പാപമോചനമില്ല (ഹെബ്രായർ 9:22).
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങളെ വിശുദ്ധീകരിക്കണമേ

ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടു കൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്കു തരുകയും ചെയ്യും (യോഹന്നാൻ 14:16).
ഈ തിരുവചനത്തിന്റെ ശക്തിയാൽ പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു നൽകണമേ

സംശയിക്കാതെ, വിശ്വാസത്തോടെ വേണം ചോദിക്കാൻ. സംശയിക്കുന്നവൻ കാറ്റിൽ ഇളകിമറിയുന്ന കടൽത്തിരയ്ക്കു തുല്യനാണ്. സംശയമനസ്കനും എല്ലാകാര്യങ്ങളിലും ചഞ്ചലപ്രകൃതിയുമായ ഒരുവന് എന്തെങ്കിലും കർത്താവിൽനിന്നു ലഭിക്കുമെന്നു കരുതരുത്. (യാക്കോബ് 1:68)
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങളുടെ വിശ്വാസം വർധിപ്പിക്കണമേ

ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടു പോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു. ലോകം നൽകുന്നതുപോലെയല്ല ഞാൻ നൽകുന്നത് (യോഹന്നാൻ 14:27). ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നുംതന്നെ ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അതുമൂലം നിങ്ങളുടെ സന്തോഷം പൂർണമാവുകയും ചെയ്യും (യോഹന്നാൻ 16:24).
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങൾക്കു സമാധാനവും സന്തോഷവും നൽകണമേ

നിങ്ങളുടെ ദൈവമായ കർത്താവാണ് കൂടെ വരുന്നത്. അവിടുന്നു നിങ്ങളെ നിരാശപ്പെടുത്തുകയോ പരിത്യജിക്കുകയോ ഇല്ല (നിയമാവർത്തനം 31:6).
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങൾക്കു സമാധാനവും സന്തോഷവും നൽകണമേ

മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ കർത്താവിൽ അഭയം തേടുന്നതു നല്ലത് (സങ്കീർത്തനങ്ങൾ 118:8). നിന്നോടു കരുണയുള്ള കർത്താവ് അരുളിച്ചെയ്യുന്നു: മലകൾ അകന്നുപോയേക്കാം; കുന്നുകൾ മാറ്റപ്പെട്ടേക്കാം. എന്നാൽ, എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല; എന്റെ സമാധാന ഉടമ്പടിക്കു മാറ്റം വരുകയുമില്ല (ഏശയ്യാ 54:10).
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങൾക്കു സമാധാനവും സന്തോഷവും നൽകണമേ

ദൈവത്തിന്റെ ശക്തമായ കരത്തിൻകീഴിൽ, നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്നു തക്കസമയത്തു നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപിക്കുവിൻ. അവിടുന്നു നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ് (1 പത്രോസ് 5:6)
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങളെ രക്ഷിക്കണമേ

ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കു വരും (യോഹന്നാൻ 14:18). നിങ്ങളുടെ വാർധക്യംവരെയും ഞാൻ അങ്ങനെ തന്നെയായിരിക്കും. നിങ്ങൾക്കു നര ബാധിക്കുമ്പോഴും ഞാൻ നിങ്ങളെ വഹിക്കും. ഞാൻ നിങ്ങളെ സൃഷ്ടിച്ചു; നിങ്ങളെ വഹിക്കും; ചുമലിലേറ്റി രക്ഷിക്കുകയും ചെയ്യും (ഏശയ്യാ 46:4).
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങളെ രക്ഷിക്കണമേ

ദൈവത്തിൽ നിന്ന് അകലാൻ കാണിച്ചതിന്റെ പത്തിരട്ടി തീക്ഷ്ണതയോടെ തിരിച്ചുവന്ന് അവിടുത്തെ തേടുവിൻ. എന്തെന്നാൽ, നിങ്ങളുടെമേൽ ഈ അനർഥങ്ങൾ വരുത്തിയവൻ തന്നെ നിങ്ങൾക്കു രക്ഷയും നിത്യാനന്ദവും നൽകും (ബാറൂക്ക് 4:28).
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങളെ രക്ഷിക്കണമേ

ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തു കൈകൊണ്ടു ഞാൻ നിന്നെ താങ്ങിനിർത്തും (ഏശയ്യാ 41:10).
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങളെ ധൈര്യപ്പെടുത്തണമേ
മനുഷ്യസാധാരണമല്ലാത്ത ഒരു പ്രലോഭനവും നിങ്ങൾക്കു നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തനാണ്. നിങ്ങളുടെ ശക്തിക്കതീതമായ പ്രലോഭനങ്ങൾ ഉണ്ടാകാൻ അവിടുന്ന് അനുവദിക്കുകയില്ല. പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അവയെ അതിജീവിക്കാൻ വേണ്ട ശക്തി അവിടുന്ന് നിങ്ങൾക്കു നൽകും (1 കോറിന്തോസ് 10:13).
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങളെ ശക്തിപ്പെടുത്തണമേ

ഞാൻ നിന്റെ കണ്ണീർ കാണുകയും പ്രാർഥന കേൾക്കുകയും ചെയ്തിരിക്കുന്നു. ഞാൻ നിന്നെ സുഖപ്പെടുത്തും (2 രാജാക്കന്മാർ 20:5). അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു (1 പത്രോസ് 2:24).
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങളെ സൌഖ്യപ്പെടുത്തണമേ

അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെപ്രതി ദരിദ്രനായി. തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻ

വേണ്ടിത്തന്നെ (2 കോറിന്തോസ് 8:9).
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ടുകളിൽ ഇടപെടണമേ

കർത്താപവായ യേശുവിൽ വിശ്വസിക്കുക; നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും (അപ്പ.പ്രവർത്തനങ്ങൾ16:31).
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങളുടെ കുടുംബത്തെ അനുഗ്രഹിക്കണമേ

നിനക്കെതിരേ എനിക്കൊന്നു പറയാനുണ്ട്: നിനക്ക് ആദ്യമുണ്ടായിരുന്ന സ്നേഹം നീ കൈവെടിഞ്ഞു. അതിനാൽ, നീ ഏതവസ്ഥയിൽ നിന്നാണ് അധഃപതിച്ചതെന്നു ചിന്തിക്കുക; അനുതപിച്ച് ആദ്യത്തെ പ്രവർത്തികൾ ചെയ്യുക. (വെളിപാട് 2: 4-5).
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങൾക്കു അനുതാപം നൽകണമേ

നിങ്ങളിൽ ജ്ഞാനം കുറവുള്ളവൻ ദൈവത്തോടു ചോദിക്കട്ടെ അവന് അതു ലഭിക്കും. കുറ്റപ്പെടുത്താതെ എല്ലാവർക്കും ഉദാരമായി നൽകുന്നവനാണ് അവിടുന്ന്. (യാക്കോബ് 1:5). എന്നെ വിളിക്കുക, ഞാൻ മറുപടി നൽകും. നിന്റെ ബുദ്ധിക്കതീതമായ മഹത്തും നിഗൂഢവുമായ കാര്യങ്ങൾ ഞാൻ നിനക്കു വെളിപ്പെടുത്തും (ജറെമിയാ 33:3). യേശു അവരെ നോക്കിപ്പറഞ്ഞു: മനുഷ്യർക്ക് ഇത് അസാധ്യമാണ്; എന്നാൽ, ദൈവത്തിന് എല്ലാം സാധ്യമാണ് (മത്തായി 19:26)
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങൾക്കു ജ്ഞാനവും ബുദ്ധിയും നൽകണമേ

കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ (2 കോറിന്തോസ് 13:13)
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങൾക്കു കൃപ നൽകണമേ

വിശ്വാസംവഴി കൃപയാലാണു നിങ്ങൾ രക്ഷിക്കപ്പെട്ടത്. അതു നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ് (എഫേസോസ് 2:8). പാപം നിങ്ങളുടെമേൽ ഭരണം നടത്തുകയില്ല. കാരണം, നിങ്ങൾ നിയമത്തിനു കീഴിലല്ല കൃപയ്ക്കു കീഴിലാണ് (റോമാ 6:14)
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങൾക്കു കൃപ നൽകണമേ

നിനക്ക് എന്റെ കൃപ മതി; എന്തെന്നാൽ, ബലഹീനതയിലാണ് എന്റെ ശക്തി പൂർണമായി പ്രകടമാകുന്നത്. ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിനു ഞാൻ പൂർവാധികം സന്തോഷത്തോടെ എന്റെ ബലഹീനതയെക്കുറിച്ചു പ്രശംസിക്കും (2 കോറിന്തോസ് 12:9)
ഈ തിരുവചനത്തിന്റെ ശക്തിയാൽ ഞങ്ങൾക്കു കൃപ നൽകണമേ

+++